# ശ്രീബുദ്ധ വചനങ്ങളെ പ്രകീർത്തിച്ച് പ്രധാനമന്ത്രി

മാർച്ച് 05, 2024

ശ്രീബുദ്ധ വചനങ്ങളെയും ആദർശങ്ങളെയും പ്രകീർത്തിച്ച് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി. തായ്‌ലൻഡിലെ ദശലക്ഷക്കണക്കിന് ശ്രീബുദ്ധ ഭക്തർ 2024 ഫെബ്രുവരി 23 മുതൽ 2024 മാർച്ച് 3 വരെ ബാങ്കോക്കിൽ ശ്രീബുദ്ധൻ്റെയും അദ്ദേഹത്തിൻ്റെ ശിഷ്യന്മാരായ അരാഹട്ട് സരിപുത്തയുടെയും മഹാ മൊഗല്ലാനയുടെയും പവിത്രമായ തിരുശേഷിപ്പുകളിൽ പ്രണാമം അർപ്പിക്കാനെത്തിയത് മുൻനിർത്തിയായിരുന്നു മോദിയുടെ പരാമർശം.

വരും ദിവസങ്ങളിൽ തിരുശേഷിപ്പുകൾ പ്രദർശിപ്പിക്കുന്ന ചിയാങ് മായ്, ഉബോൺ റാചത്താനി, ക്രാബി എന്നിവിടങ്ങളിൽ ദർശനം നടത്താനും അദ്ദേഹം ഭക്തരോട് അഭ്യർത്ഥിച്ചു.

പ്രധാനമന്ത്രി X-ൽ കുറിച്ചത്:

"ബുദ്ധഭഗവാൻ്റെ ആദർശങ്ങൾ ഇന്ത്യയും തായ്‌ലൻഡും തമ്മിൽ സുദൃഢമായ ബന്ധം വളർത്തുന്നതിൽ ഒരു ആത്മീയ പാലമായി വർത്തിക്കുന്നു. ഭക്തർക്ക് സമ്പന്നമായ ഒരു ആത്മീയ അനുഭൂതി അനുഭവം ലഭിച്ചതിൽ എനിക്ക് സന്തോഷമുണ്ട്, വരും ദിവസങ്ങളിൽ തിരുശേഷിപ്പുകൾ വയ്ക്കുന്ന ചിയാങ് മായ്, ഉബോൺ റചതാനി, ക്രാബി എന്നിവിടങ്ങളിലും ദർശനത്തിന് ഞാൻ ഭക്തരോട് അഭ്യർത്ഥിക്കുന്നു."

**ന്യൂഡൽഹി**
**മാർച്ച് 05, 2024**